# ജ്വാല

## ഇ മാഗസിൻ

**2022-2025**
**BATCH**

**LITTLE KITES**

**S N TRUST H S S**
**NATTIKA**



# S N TRUST H S S NATTIKA

## THRISSUR

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്താനാണ് "ലിറ്റിൽ കൈറ്റ്സ് പദ്ധതി" ( **KERALA INFRA STRUCTURE AND TECHNOLOGY FOR EDUCATION)** ലക്ഷ്യമിടുന്നത്. സർക്കാർ, എയ്ഡഡ് മേഖലയിലെ **8** മുതൽ **12** വരെ ക്ലാസുകളിലെ കുട്ടികൾക്കായി **4500** ഓളം ക്ലാസ്മുറികൾ ഹൈടെക്കാക്കി മാറ്റുക എന്നതാണ് കൈറ്റിൻറെ ആദ്യ നടപടി. വിദ്യാർത്ഥികൾ അംഗങ്ങളായുള്ള കൈറ്റിന്റെ ക്ലബ്ബാണ്

"ലിറ്റിൽ കൈറ്റ്സ്".

ആനിമേഷൻ,സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ്‌വേർ, ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് പരിശീലനം ലഭിക്കുന്നു. ഹായ് സ്കൂൾ, കളിക്കൂട്ടം എന്ന പേരിൽ മുൻപുണ്ടായിരുന്ന പദ്ധതിയാണ് ഇപ്പോഴത്തെ ലിറ്റിൽ കൈറ്റ്സ് ആയി മാറിയിട്ടുള്ളത്

ഇന്നത്തെ സൈബർ യുഗത്തിൽ വിവരസാങ്കേതിക വിദ്യ ജീവിതത്തിന്റെ എല്ലാ തുറകളിലും കടന്നു കയറിയിരിക്കുന്നു . ഇതിൻറ ഭാഗമായി ഉള്ള വിദ്യാർത്ഥികളുടെ ഒരു ശ്രമമാണ് ഡിജിറ്റൽ മാഗസിൻ. കുട്ടികളുടെ ആദ്യ ചുവടുവെപ്പ് എന്ന നിലയ്ക്ക് ഈ മാഗസിനെ കാണുമ്പോൾ ഇതിലെന്തെങ്കിലും തെറ്റു കുറ്റങ്ങളുണ്ടെങ്കിൽ നിങ്ങൾക്ക് ക്ഷമിക്കാനാകും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**SN TRUST HSS NATTIKA**

# ആശംസ

ഐ.ടി അധിഷ്ഠിത പഠനത്തിലൂടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുകയെന്നത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യമാണ്. അറിവും ആനന്ദവും ലഭ്യമാക്കുന്ന വിവരസാങ്കേതിക വിദ്യയുടെ മേഖലയിലും വിദ്യാർത്ഥികളെ പ്രഗത്ഭരാക്കാൻ ലിറ്റിൽ കൈറ്റ്സിൻറെ പ്രവർത്തനങ്ങൾക്ക് സാധിക്കട്ടെ. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ യാഥാർത്ഥ്യമാകുന്ന ജ്വാല എന്ന മാഗസിന് സർവ്വഭാവുകങ്ങളും നേരുന്നു.



സുനിത. വി

(ഹെഡ്മിസ്ട്രസ്സ്)

# താളുകളിലൂടെ

| | | |
|---|---|---|
| 5. നായകനും വില്ലനും മനുഷ്യൻ " | കവിത | ആദിത്യജിത്ത് |
| 6. അമ്മ | കവിത | രോഷിത് |
| 7. പുനർജ്ജജന്മം | കവിത | ആരുഷി |
| 8. എന്റെ വിദ്യാലയം | കവിത | ശ്യാം |
| 9. മയിൽ | കവിത | പ്രിസ്മ |

# 5

# "നായകനും വില്ലനും മനുഷ്യൻ "

അന്നൊരു മഴദിവസം കാർമേഘങ്ങൾ ഉള്ളു തുറന്നു കരഞ്ഞ ദിവസം. മദ്ധം ഇളകിയ ആനകളെ പോലെ അവർ ചിഹ്നം വിളിച്ചു അത് ഇടിവെട്ടെന്ന രൂപത്തിൽ ഭൂമിയിൽ പതിച്ചു മഴ കണക്കുമ്പോഴും അവൾ തന്റെ കുഞ്ഞിനെ മാറോടു പുണർന്നു. തനിക്കു ചുറ്റും ശബ്ദങ്ങളുടെ ഒരു *മഹാസതസായിരുന്നു എങ്കിലും അവൾക്കു തന്റെ കുഞ്ഞിന്റെ കരച്ചിൽ മാത്രമേ കേൾക്കാൻ കഴിഞ്ഞുള്ളൂ ചുവന്നു നിറം മങ്ങിയാ സാരീ നെറ്റിയിലെ സിന്ദൂരം മഴവെള്ളത്തിൽ അലിഞ്ഞു രക്തം പോലെ ഒഴുകുന്നു വർഷം ശക്തി പ്രാപിച്ചെങ്കിലും തലയിലെ മുല്ലപ്പൂ നിശ്ചലനായിരുന്നു ഓരോ നിമിഷവും ശ്വാസം എടുക്കുമ്പോൾ അവൾ പറഞ്ഞു "എന്നോട് ക്ഷമിക്കണം മോനെ അമ്മയോട് ക്ഷമിക്കണം

ആദിത്യജിത്ത്

# 6

# അമ്മ

അമ്മതൻ താരാട്ട് പാട്ടിന്റെയീണം
കേട്ടുറങ്ങീടാൻ കൊതിയുണ്ടെനിക്ക്..
അമ്മതൻ സ്നേഹം ചാലിച്ചുരുട്ടിയെടുത്ത
ചോറുരുളക്ക് കൊതിയുണ്ടെനിക്ക്...
വേനൽ ചൂടിലുരുകുന്ന നേരത്തൊരാ-
വാത്സല്യകുളിർമഴയിൽ നനയാൻ
കൊതിയുണ്ടെനിക്ക്...
അമ്മതൻ കയ്യിൽപിടിച്ചു നടന്നീടുവാൻ
അത്രമേലേറെ കൊതിയുണ്ടെനിക്ക്...
എൻ സ്വരമൊന്നിടറിയാൽ പിടയുന്നതെൻ
അമ്മതൻ മനമല്ലോ...
എൻ മിഴികൾ നനഞ്ഞെന്നാൽ മായുന്നതെൻ
അമ്മതൻ പുഞ്ചിരിയല്ലോ...
തനിച്ചാവുന്ന നേരത്തു ചേർത്തുപിടിക്കാ-
നെന്നമതൻ കൈകളതുണ്ടല്ലോ...
തീരാത്ത സ്നേഹത്തിൻ പ്രതിരൂപമായെ -
ന്നമതൻ ഹൃദയമതുണ്ടല്ലോ...
ഇനിയെത്ര ജന്മങ്ങളേകിയാലും
എന്നമതൻ കുഞ്ഞായ് പിറന്നീടണം...
ആ കണ്ണുകൾ നിറയാതെ കാത്തീടണം...
ആ പുഞ്ചിരി മായാതെ നോക്കീടണം...

രോഷിത്

## >പുനർജ്ജന്മം

അന്നെനിക്കായ് പൊൻപട്ട് വിരിക്കേണ്ടതില്ല
അന്നെന്റെ മിഴികളിലത് പതിയുകില്ല
അന്നെനിക്കായ് കണ്ണുനീർ
പൊഴിക്കേണ്ടതില്ല അന്നെന്റെ ഹൃദയമത്
അറിയുകില്ല അന്നെനിക്കായ് പുഷ്ടവൃഷ്ടി
നടത്തേണ്ടതില്ല അന്നെന്റെ മനമത്
കാണുകില്ല അന്നെനിക്കായ് നന്മകൾ
എണ്ണിപറയേണ്ടതില്ല അന്നെന്റെ കാതിലത്
കേൾക്കുകില്ല അന്നെന്നിൽ നിന്നും
മാഞ്ഞുപോകുമിന്നലെകൾ അന്ന്
ഞാനുറങ്ങുമുണരാതെയേകയായ്
അന്നെൻ ശ്വാസം പോലുമെന്നെ
തനിച്ചാക്കും അന്നെൻ ഹൃദയമിടിപ്പിൻ നാദം
നിലയ്ക്കും അന്ന് ഞാൻ മരവിച്ച
വെറുമൊരു ദേഹം.. ദേഹിയെവിടെയോ
മറ്റൊരു ദേഹം തേടുന്നു..
ഇനിയുമെനിക്കൊരു
പുനർജ്ജന്മമേകുകിൽ... ജീവിതമാകുമീ
പുസ്തകത്താളിലെ ദളങ്ങളിൽ ചിലതിനെ
ചീന്തിയെടുക്കണം വാക്യങ്ങളെവിടെയോ
തിരുത്തിയെഴുതണം ചിലയക്ഷരങ്ങളെ
മാറ്റിയെഴുതണം എന്നിലെ എന്നെ മാത്രമായ്
പകർത്തിയെഴുതണം

ആരുഷി

# എന്റെ വിദ്യാലയം....

ആദ്യാക്ഷരം ചൊല്ലിത്തന്നൊരു
വിദ്യാലയം നാടിനെ
പടുത്തുയർത്തുവാൻ താങ്ങായി
നിന്നതും വിദ്യാലയം
അമ്മയെപ്പോലെ പരിപാലനവും
അച്ഛനെപോലെ ശിക്ഷണവും തന്ന്
എന്നെ വളർത്തിയൊരു വിദ്യാലയം.
പൂമലർ സുഗന്ധം പകരും പോലെ
സൗഹൃദത്തിൽ സുഗന്ധം പകർന്ന-
ന്റെ,കൂട്ടുകാർ ഇന്നിതാ
വിദ്യാലയത്തിൽ ഞാനെന്നയാളെ
പടുത്തുയർത്തി ഞാനെന്ന
വ്യക്തിത്വത്തിനു രൂപം (1 ൽകി,
എന്നെ വാർത്തെടുത്തൊരു
വിദ്യാലയം...... എന്റെ വിദ്യാലയം.......

ശ്യാം കൃഷ്ണ

9

# മയിൽ

മയിലേ മയിലേ പൂമയിലേ
പീലിവിടർത്തി ആടാമോ ?....
കാർമേഘങ്ങൾ
വന്നണയുമ്പോൾ
പീലിവിടർത്തി തുള്ളാമോ ?
മയിലാട്ടങ്ങൾ കാണാനായ്
വന്നണയുന്നു എല്ലാരും
മയിലേ മയിലേ പൂമയിലേ
പീലിവിടർത്തി ആടാമോ ?

പ്രിസ്മ

Thank you!